# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE: 13.06.2026

1. ഫ്രാൻസ് - സ്ലോവാക്യ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി യാത്ര തിരിച്ചു. ഫ്രഞ്ച് പ്രസിഡന്റുമായി ഉഭയകക്ഷി കൂടിക്കാഴ്ച നാളെ.

2. ഒമാൻ തീരത്ത് കപ്പലിന് നേരെയുണ്ടായ ആക്രമണത്തിൽ ഇന്ത്യൻ നാവികർ മരിച്ചെന്ന റിപ്പോർട്ടുകൾ തെറ്റാണെന്ന് വിദേശകാര്യ മന്ത്രാലയം. എല്ലാ ജീവനക്കാരും സുരക്ഷിതരെന്ന് സ്ഥിരീകരണം.

3. സംസ്ഥാനത്ത് നിപ വ്യാപനമുണ്ടായിട്ടില്ലെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ. കോഴിക്കോട് ജില്ലയിലെ നിപ സാഹചര്യം പഠിക്കാൻ കേന്ദ്ര സംഘം ഇന്ന് എത്തും.

4. കർഷകർക്ക് സബ്സിഡി വളങ്ങൾ വാങ്ങാൻ പുതിയ മൊബൈൽ ആപ്പ് ഒരുക്കി കേന്ദ്ര കൃഷിവകുപ്പ്. പാലക്കാട്, ആലപ്പുഴ ജില്ലകളിൽ നാളെ ഉദ്ഘാടനം.

5. മിഥുനമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ തുറക്കും. ഗ്രീൻ ശബരിമല പദ്ധതിക്കും തുടക്കമാകും.

6. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ വ്യാപക മഴ തുടരും. മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

## പ്രധാനമന്ത്രി - ഫ്രാൻസ് - സ്ലൊവാക്യ

ഫ്രാൻസ് സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി യാത്ര തിരിച്ചു. ആറ് ദിവസത്തെ വിദേശ പര്യടനത്തിനിടെ അദ്ദേഹം സ്ലൊവാക്യയും സന്ദർശിക്കുന്നുണ്ട്. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നൈസിൽ ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-ഫ്രാൻസ് ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിൽ ഫ്രാൻസ് സന്ദർശനത്തെ ഏറെ പ്രതീക്ഷയോടെയാണ് കാണുന്നതെന്ന് യാത്ര പുറപ്പെടും മുൻപ് പുറത്തിറക്കിയ പ്രസ്താവനയിൽ ശ്രീ നരേന്ദ്ര മോദി അറിയിച്ചു.സ്ലൊവാക്യയിൽ എത്തുന്ന അദ്ദേഹം സ്ലൊവാക്യൻ പ്രധാനമന്ത്രി റോബർട്ട് ഫിക്കോയുമായി കൂടിക്കാഴ്ച നടത്തും.

*****************************************

## ലിയാക്കി ഫ്രീഡം - വിദേശകാര്യ മന്ത്രാലയം

ഒമാൻ തീരത്ത് ലിയാക്കി ഫ്രീഡം എന്ന കപ്പലിൽ ഇന്ത്യൻ നാവികർ മരിച്ചുവെന്ന റിപ്പോർട്ടുകൾ തെറ്റാണെന്ന് വിദേശകാര്യ മന്ത്രാലയം. കപ്പൽ അധികൃതരുമായി സംസാരിച്ചതായും എല്ലാ ജീവനക്കാരും സുരക്ഷിതരാണെന്ന് സ്ഥിരീകരിച്ചതായും മന്ത്രാലയം വ്യക്തമാക്കി. സമൂഹ മാധ്യമങ്ങളിലെ തെറ്റായതും അടിസ്ഥാനരഹിതവുമായ ഇത്തരം അവകാശവാദങ്ങൾക്കും പോസ്റ്റുകൾക്കുമെതിരെ ജാഗ്രത പാലിക്കണമെന്ന് വിദേശകാര്യ മന്ത്രാലയത്തിന്റെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു.

*****************************************

## കെ മുരളീധരൻ (ഇൻട്രോ)

RNU TVPM

സംസ്ഥാനത്ത് നിപ വ്യാപനമുണ്ടായിട്ടില്ലെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ. നിപയെ നേരിടാൻ ആരോഗ്യമേഖല സജ്ജമാണെന്നും ആശുപത്രികളിൽ മതിയായ മരുന്നുശേഖരമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(ബൈറ്റ്)

*******************************************

## നിപ-പിണറായി വിജയൻ

സംസ്ഥാന സർക്കാർ നിപ മുൻകരുതലുകൾ സ്വീകരിച്ചിട്ടില്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആരോപിച്ചു. മുൻ ആരോഗ്യ മന്ത്രിമാർ നിപയെ കൈകാര്യം ചെയ്തത് എങ്ങനെയാണെന്ന് പഠിക്കണം. രോഗപ്രതിരോധം, നിയന്ത്രണം എന്നിവയ്ക്കായി ആരോഗ്യ മേഖലയെ പൂർണ സജ്ജമാക്കണമെന്നും ശ്രീ പിണറായി വിജയൻ ആവശ്യപ്പെട്ടു.

RNU TVPM

*******************************************

## നിപ (ഇൻട്രോ)

സംസ്ഥാനത്ത് നിപാ ജാഗ്രത തുടരുന്നു. കോഴിക്കോട് ജില്ലയിലെ നിപ സാഹചര്യം പഠിക്കാൻ നാഷണൽ ഡിസീസ് കൺട്രോൾ സെന്ററിൽ നിന്നുള്ള വിദഗ്ധർ അൽപം മുൻപ് എത്തി.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.**

(വോയിസ്)

*******************************************

## ഷിഗല്ല

സംസ്ഥാനത്ത് ഷിഗല്ല പ്രതിരോധ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. വയനാട്ടിൽ ഏഴ് പേർക്ക് കൂടി രോഗം സ്ഥിരീകരിച്ചതോടെ ആകെ രോഗബാധിതരുടെ എണ്ണം 16 ആയി. മലപ്പുറം ജില്ലയിൽ രണ്ടുപേർക്ക് ഷിഗല്ല സ്ഥിരീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം കാട്ടാക്കടയിൽ ബേക്കറിയിലെ ജ്യൂസിൽ ഷിഗെല്ല ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തി. കാർത്തിക ബേക്കറിയിൽ തയ്യാറാക്കിയ ജ്യൂസിലാണ് ബാക്ടീരിയ സാന്നിധ്യം കണ്ടെത്തിയത്.

*******************************************

## ആലപ്പുഴ - പനി

ആലപ്പുഴ ജില്ലയിൽ വൈറൽ പനി വ്യാപകമാകുന്നു. രണ്ടുപേർക്ക് വെസ്റ്റ് നൈൽ പനിയും സ്ഥിരീകരിച്ചു കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്തിൽ ഉള്ളവർക്കാണ് രോഗം സ്ഥിരീകരിച്ചത്. ഇന്നലെ 13 പേർക്ക് വൈറൽ പനി സ്ഥിരീകരിച്ചിട്ടുണ്ട്.

RNU TVPM

*******************************************

## വ്യോമസേനയുടെ ചരക്കുവിമാനം

അസമിൽ ഇന്ത്യൻ വ്യോമസേനയുടെ ചരക്കുവിമാനം തകർന്നു വീണു. AN-32 ഇരട്ട എഞ്ചിൻ വിമാനമാണ് അപകടത്തിൽപ്പെട്ടത്. രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു.

*******************************************

## എൻഡിഎ - 12 വർഷം

കഴിഞ്ഞ 12 വർഷത്തിനിടെ, എൻഡിഎ സർക്കാരിന്റെ കീഴിൽ സമാനതകളില്ലാത്ത പുരോഗതിയാണ് രാജ്യം കൈവരിച്ചത്. രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം ശക്തിപ്പെടുത്തുന്നതിന്

നിരവധി പദ്ധതികൾ ഇതിനകം നടപ്പാക്കി. കാശി വിശ്വനാഥ ഇടനാഴി നിർമ്മാണം, മഹാകാൽ ലോക് പദ്ധതി, മാ കാമാഖ്യ ക്ഷേത്രത്തിന്റെ പുനർവികസനം, അയോധ്യയിൽ രാമക്ഷേത്ര നിർമ്മാണം എന്നിവ ഇതിന് ഉദാഹരണമാണ്.

******************************************

## ആയുഷ് മന്ത്രാലയം - യോഗ ദിനം

അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി കേന്ദ്ര ആയുഷ് മന്ത്രാലയം രാജ്യത്തുടനീളം വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. ഗിന്നസ് ലോക റെക്കോർഡ് ലക്ഷ്യമിട്ട് ഒരേസമയം ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ഓൺലൈൻ യോഗ സെഷൻ നാളെ രാവിലെ 06:15 മുതൽ 07:35 വരെ സംഘടിപ്പിക്കും. 1800 3157 008 എന്ന ടോൾ ഫ്രീ നമ്പറിലെ മിസ്ഡ് കോൾ സേവനത്തിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

RNU TVPM

******************************************

## പത്മ പുരസ്കാരം

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിലാണ് പുരസ്കാരം സമ്മാനിക്കുന്നത്. നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

******************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ

ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത എന്ന പരിപാടി കേൾക്കാവുന്നതാണ്.

******************************************

മഴ

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്ന് വ്യാപക മഴയ്ക്ക് സാധ്യത. കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. തുടർച്ചയായ നീരൊഴുക്ക് കാരണം നെയ്യാർ ഡാമിന്റെ നാല് ഷട്ടറുകളും 20 സെന്റീമീറ്റർ വീതം ഉയർത്തി. സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 50 കിലോ മീറ്റർ വരെ വേഗതയിൽ കാറ്റ് വീശാൻ സാധ്യത. മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തി.

******************************************

RNU TVPM

ശബരിമല (ഇൻട്രോ)

വിഷൻ ശബരിമലയുടെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പാക്കുന്ന ഗ്രീൻ ശബരിമല പദ്ധതിക്ക് നാളെ തുടക്കമാകും. രാവിലെ 11 മണിക്ക് പമ്പ ത്രിവേണി മണപ്പുറത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ.ജയകുമാർ ഉദ്ഘാടനം നിർവഹിക്കും. മിഥുനമാസ പൂജയ്ക്കായി നാളെ വൈകിട്ട് അഞ്ചിനു ശബരിമല നട തുറക്കും.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....

(വോയിസ്)

****************************************

## മുരാരി ബാബു അന്തരിച്ചു

ശബരിമല സ്വർണ്ണക്കൊള്ള കേസിലെ ഒന്നാം പ്രതിയും മുൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുമായിരുന്ന മുരാരി ബാബു അന്തരിച്ചു. ക്യാൻസർ ബാധിച്ച് കൊച്ചിയിലെ അമൃത ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം.

****************************************

## പാലക്കാട് - ആപ്ലിക്കേഷൻ (ഇൻട്രോ)

കർഷകർക്ക് സബ്സിഡി വളങ്ങൾ വാങ്ങാൻ പുതിയ മൊബൈൽ ആപ്ലിക്കേഷൻ ഒരുക്കി കേന്ദ്ര കൃഷിവകുപ്പ്. നാളെ മുതൽ പാലക്കാട്, ആലപ്പുഴ ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കും.

ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് തയ്യാറാക്കിയ റിപ്പോർട്ട്...

(വോയിസ്)

****************************************

## പി കേശവദേവ് സാഹിത്യ പുരസ്കാരം

ഈ വർഷത്തെ പി കേശവദേവ് സാഹിത്യ പുരസ്കാരം എഴുത്തുകാരൻ സുഭാഷ് ചന്ദ്രന്. മലയാള സാഹിത്യത്തിന് നൽകിയ സമഗ്ര സംഭാവനകൾക്കാണ് പുരസ്കാരം. ഈ മാസം 17-ന് വൈകുന്നേരം തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി.സതീശൻ അവാർഡ് സമ്മാനിക്കും.

****************************************

PNUTVPM

## ഇന്ത്യ - അഫ്ഗാനിസ്ഥാൻ ക്രിക്കറ്റ്

ഇന്ത്യ - അഫ്ഗാനിസ്ഥാൻ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് ധരംശാലയിൽ തുടക്കമാകും. മൂന്ന് മത്സരങ്ങളടങ്ങിയ പരമ്പരയിലെ ആദ്യ മത്സരം ഉച്ചയ്ക്ക് 1:30 ന് ആരംഭിക്കും.

*******************************************

## ഫിഫ ലോകകപ്പ്

ഫിഫ ലോകകപ്പ് ഫുട്ബോളിൽ പാരഗ്വായ്ക്കെതിരെ ഇന്ന് നടന്ന മത്സരത്തിൽ അമേരിക്കയ്ക്ക് ജയം. ഒന്നിനെതിരെ നാല് ഗോളിനാണ് അമേരിക്ക വിജയിച്ചത്. മറ്റൊരു മത്സരത്തിൽ ബോസ്നിയ-ഹെർസഗോവിനയും ആതിഥേയരായ കാനഡയും സമനിലയിൽ പിരിഞ്ഞു.

RNU TVPM

*******************************************

## വനിത ടി-20

ICC വനിത T20 ലോക കപ്പ് ക്രിക്കറ്റിൽ ഇന്ത്യ - പാകിസ്ഥാൻ മത്സരം നാളെ. ബിർമിംഹാമിലെ എഡ്ജ്ബസ്റ്റൺ സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം. ആദ്യ മത്സരത്തിൽ ശ്രീലങ്കയ്ക്കെതിരെ ഇംഗ്ലണ്ട് 87 റൺസിന് വിജയിച്ചു.

ഒരു മാസം നീളുന്ന T20 മത്സരങ്ങളുടെ ഫൈനൽ അടുത്ത മാസം 5 ന് ലോഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടക്കും.

*******************************************

## <u>പ്രധാനവാർത്തകൾ വീണ്ടും</u>

1. ഫ്രാൻസ് - സ്ലൊവാക്യ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി യാത്ര തിരിച്ചു. ഫ്രഞ്ച് പ്രസിഡൻറുമായി ഉഭയകക്ഷി കൂടിക്കാഴ്ച നാളെ.

2. ഒമാൻ തീരത്ത് കപ്പലിന് നേരെയുണ്ടായ ആക്രമണത്തിൽ ഇന്ത്യൻ നാവികർ മരിച്ചെന്ന റിപ്പോർട്ടുകൾ തെറ്റാണെന്ന് വിദേശകാര്യ മന്ത്രാലയം. എല്ലാ ജീവനക്കാരും സുരക്ഷിതരെന്ന് സ്ഥിരീകരണം.

3. സംസ്ഥാനത്ത് നിപ വ്യാപനമുണ്ടായിട്ടില്ലെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ. കോഴിക്കോട് ജില്ലയിലെ നിപ സാഹചര്യം പഠിക്കാൻ കേന്ദ്ര സംഘം എത്തി.

4. കർഷകർക്ക് സബ്സിഡി വളങ്ങൾ വാങ്ങാൻ പുതിയ മൊബൈൽ ആപ്പ് ഒരുക്കി കേന്ദ്ര കൃഷിവകുപ്പ്. പാലക്കാട്, ആലപ്പുഴ ജില്ലകളിൽ നാളെ ഉദ്ഘാടനം.

5. മിഥുനമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട നാളെ തുറക്കും. ഗ്രീൻ ശബരിമല പദ്ധതിക്കും തുടക്കമാകും.

6. സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ വ്യാപക മഴ തുടരും. മൂന്ന് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

RNU TVPM

*

************

**********************************************